# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 507
# 29.05.2019 ലെ മറുപടിക്ക്

## <u>ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് തുക</u>

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാനാവില്ലെന്ന ധനകാര്യവകുപ്പിന്റെ No.105/NCB1/2018/FIN നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മാണത്തിന് തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗരേഖയായ 29/12/2017 ലെ സ.ഉ(അ) നം. 161/2017/ധന ഉത്തരവിലെ അനുബന്ധം 1ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടേയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്. പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടേയും നിർമ്മാണം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ്. എന്നാൽ ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ എസ്.ഡി.എഫിൽ നിന്നു തുക വിനിയോഗിക്കുവാൻ അനുമതി നൽകി 27/05/2019 ലെ സ.ഉ(അച്ചടി) നം.60/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഗ്രാമങ്ങളിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾ മാത്രം നന്നായി പ്രവർത്തിക്കുന്ന സ്ഥിതിയിൽ മേൽ നിർദ്ദേശം ഒരു തരത്തിലും ഗുണപരമായ നിർദ്ദേശമല്ലായെന്ന വിഷയം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | |
| (ഡി) | മേൽ നിർദ്ദേശം റദ്ദുചെയ്ത് ഗ്രാമീണ ലൈബ്രറികളെ പ്രോത്സാഹിപ്പിക്കുന്നതിന് എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ടിൽ നിന്ന് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് തുക നൽകുന്നതിന് നിർദ്ദേശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**